ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17-01-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആധുനിക റെയിൽ സംവിധാനം രാജ്യത്തിൻറെ എല്ലാ കോണിലേക്കും വ്യാപിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യയിലെ പ്രഥമ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ പശ്ചിമ ബംഗാളിൽ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു.

   Prime Minister Narendra Modi said that the modern rail system will be extended to every corner of the country. India's first Vande Bharat sleeper train was flagged off by the Prime Minister in West Bengal.

2. ഇന്ത്യയെ സ്വാശ്രയ, വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ അടുത്ത രണ്ട് ദശകങ്ങൾ നിർണായകമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ.

   Vice President C. P. Radhakrishnan said that the next two decades will be crucial in transforming India into a self-reliant and developed nation.

3. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നത് കേന്ദ്രസർക്കാരിന്റെ പ്രഥമ പരിഗണനയാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ.

   Union Minister of State George Kurian said that creating more employment opportunities is the first priority of the central government.

4. കേരളത്തിന്റെ പൊതുവിതരണ സംവിധാനം രാജ്യത്തിന് മാതൃകയെന്ന് മന്ത്രി ജി.ആർ അനിൽ, 39,000 കുടുംബങ്ങൾക്ക് പുതുതായി മുൻഗണനാ റേഷൻ കാർഡുകൾ വിതരണം ചെയ്തു.

   **Minister G.R. Anil said that Kerala's public distribution system is a model for the country, New priority ration cards were distributed to 39,000 families.**

5. 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മുന്നേറ്റം തുടർന്ന് കണ്ണൂർ. തൃശ്ശൂരും പാലക്കാടും തൊട്ടുപിന്നിൽ.

   **Kannur continues its lead at the 64th State School Arts Festival. Thrissur and Palakkad are close behind.**

6. അണ്ടർ -19 പുരുഷ ഏകദിന ക്രിക്കറ്റ് ലോകകകപ്പിൽ ഇന്ത്യക്കെതിരെ ബംഗ്ലാദേശിന് 239 റൺസ് വിജയലക്ഷ്യം.

   **India set a victory target of 239 runs for Bangladesh in the Under-19 Men's ODI Cricket World Cup.**

&&&&&&&&&&&&&&&&&&

**PM-WEST BENGAL (INTRO)**

ഇന്ത്യയിലെ പ്രഥമ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ മാൾഡ ടൗൺ റെയിൽവേ സ്റ്റേഷനിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്ലാഗ് ഓഫ് ചെയ്തു. ഹൗറയ്ക്കും ഗുവാഹത്തിക്കും ഇടയിലാണ് വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ സർവ്വീസ് നടത്തുന്നത്. 16 ആധുനിക കോച്ചുകൾ ഉൾപ്പെടുന്ന സ്ലീപ്പർ ട്രെയിനിൽ 823 യാത്രക്കാരെ ഉൾക്കൊള്ളാൻ സാധിക്കും. പശ്ചിമ ബംഗാൾ , വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ മൂവായിരത്തി 250 കോടിയിലധികം രൂപയുടെ റെയിൽ-റോഡ് അടിസ്ഥാനസൗകര്യപദ്ധതികൾക്കും ശ്രീ മോദി തുടക്കം കുറിച്ചു. വരും വർഷങ്ങളിൽ ആധുനിക റെയിൽ സംവിധാനം രാജ്യത്തിൻറെ എല്ലാ കോണിലേക്കും വ്യാപിപ്പിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയ്സ്)

&&&&&&&&&&&&&&&&&&

## PM-ASSAM

അസമിലെ ഗുവാഹത്തിയിൽ നടക്കുന്ന പരമ്പരാഗത ബോഡോ സാംസ്കാരിക പരിപാടിൽ പങ്കെടുത്ത് പ്രധാനമന്ത്രി ജനങ്ങളെ അഭിസംബോധന ചെയ്തു. കേന്ദ്ര സർക്കാരിൻറെ പിന്തുണയോടെ അസമിൻറെ അടിസ്ഥാന സൗകര്യവികസനത്തിൽ വലിയ മുന്നേറ്റമുണ്ടായതായി പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. നാളെ നാഗോൺ ജില്ലയിലെ കാലിയാബോറിൽ 6,950 കോടി രൂപയിലധികം ചെലവ് വരുന്ന കാസിരംഗ എലവേറ്റഡ് കോറിഡോർ പദ്ധതിക്ക് അദ്ദേഹം തറക്കല്ലിടും. തുടർന്ന് ഗുവാഹത്തി-റോഹ്തക്, ദിബ്രുഗഢ്-ലഖ്നൗ അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകളുടെ ഫ്ലാഗ് ഓഫും ശ്രീ മോദി നിർവഹിക്കും.

&&&&&&&&&&&&&&&&&&

## VP - UTTARAKHAND (INTRO)

ഇന്ത്യയെ ഒരു സ്വാശ്രയ, വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ അടുത്ത രണ്ട് ദശകങ്ങൾ നിർണായകമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ . ഉത്തരാഖണ്ഡ് സംസ്ഥാന രൂപീകരണത്തിൻറെ 25-ാം വാർഷികാചരണത്തിൻറെ ഭാഗമായി ഡെറാഡൂണിൽ സംഘടിപ്പിച്ച ജാഗരൺ ഫോറം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനാധിപത്യത്തിന്റെ നാലാം സ്തംഭമായ മാധ്യമങ്ങൾ രാഷ്ട്രവികസന യാത്രയിൽ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. രാജ്യത്തിൻറെ വളർച്ചയ്ക്കും യുവജനങ്ങൾക്കും ഗുണകരമായ വാർത്തകൾ നൽകുന്നതിൽ മാധ്യമങ്ങൾ പ്രധാന്യം നൽകണമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

## PM VISHWAKARMA HAAT

രാജ്യത്തിൻറെ പരമ്പരാഗത കരകൗശല വൈദഗ്ധ്യം ആഘോഷിക്കാൻ പിഎം വിശ്വകർമ പദ്ധതിയുടെ കീഴിൽ പിഎം വിശ്വകർമ ഹാട്ട് 2026 പ്രദർശന മേളയ്ക്ക് നാളെ

തുടക്കമാകും. ന്യൂഡൽഹിയിലെ ദില്ലി ഹാട്ടിൽ നടക്കുന്ന പ്രദർശനം കേന്ദ്ര മന്ത്രി ജിതൻ റാം മാഞ്ചി ഉദ്ഘാടനം ചെയ്യും. രാജ്യത്തുടനീളമുള്ള എല്ലാ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള 117-ലധികം കരകൗശല വിദഗ്ധർ പരിപാടിയിൽ പങ്കെടുക്കും. ഈ മാസം 31 വരെയാണ് പ്രദർശനം.

&&&&&&&&&&&&&&&&&&

## KURIAN-PM-VBRY

പ്രധാൻ മന്ത്രി വിക്സിത് ഭാരത് റോസ്ഗാർ യോജനയിലൂടെ യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. കോട്ടയത്തു മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായാണ് ചില കേന്ദ്രസർക്കാർ പദ്ധതികളിൽ ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത് .കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നത് കേന്ദ്രസർക്കാരിന്റെ പ്രഥമ പരിഗണനാ വിഷയമാണ്.കേരളം നേരിടുന്ന സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിനായി സംസ്ഥാനം കേന്ദ്ര സർക്കാർ പദ്ധതികളുമായി കൂടുതൽ സഹകരിക്കുകയാണ് വേണ്ടതെന്നും ശ്രീ കുര്യൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## IRAN PROTEST

ഇറാനിൽ ഭരണകൂട വിരുദ്ധ പ്രക്ഷോഭങ്ങൾക്കിടെ കൊല്ലപ്പെട്ടവരുടെ എണ്ണം 3,000 കവിഞ്ഞു. ടെഹ്റാനിലെ തെരുവുകൾ നിലവിൽ ശാന്തമായിട്ടുണ്ടെങ്കിലും ഇന്റർനെറ്റ് സേവനങ്ങൾ ഉൾപ്പടെ വിച്ഛേദിക്കപ്പെട്ടിരിക്കുകയാണ്. കസ്റ്റഡിയിലെടുത്ത പ്രതിഷേധക്കാരുടെ വധശിക്ഷകൾ റദ്ദാക്കിയതിന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഇറാൻ നേതാക്കൾക്ക് നന്ദി പറഞ്ഞു.

&&&&&&&&&&&&&&&&&&

## TRUMP - GAZA

ഗാസ സംഘർഷം പരിഹരിക്കുന്നതിനായുള്ള രണ്ടാം ഘട്ട ചർച്ചകൾ മുന്നോട്ടുകൊണ്ടുപോകുന്നതിനായി പുതിയ ബോർഡ് ഓഫ്

പീസ് അംഗങ്ങൾക്ക് നിർദേശം നൽകി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഭരണനിർവഹണം, പ്രാദേശിക സഹകരണം , നിക്ഷേപസാധ്യതകൾ എന്നി വിഷയങ്ങളിലൂന്നിയാകും ചർച്ച.ബോർഡ് ഓഫ് പീസിന്റെ അധ്യക്ഷൻ അമേരിക്കൻ പ്രസിഡന്റ് ആയിരിക്കും.

&&&&&&&&&&&&&&&&&&

## GR ANIL

രാജ്യത്തിന് മാതൃകയായ ഒരു പൊതുവിതരണ സംവിധാനം നിലവിലുള്ള സംസ്ഥാനമാണ് കേരളമെന്ന് മന്ത്രി ജി ആർ അനിൽ. എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഇക്കാലയളവിൽ പൊതുവിതരണ വകുപ്പിന് സാധിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരത്ത് അർഹരായ 39,000 കുടുംബങ്ങൾക്ക് പുതുതായി മുൻഗണനാ റേഷൻ കാർഡുകൾ വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## SCHOOL KALOLSAVAM

തൃശൂർ തേക്കിൻകാട് മൈതാനത്ത് നടക്കുന്ന 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 912 പോയിന്റുകളുമായി കണ്ണൂർ ജില്ല മുന്നേറ്റം തുടരുന്നു. 905 പോയിന്റുമായി തൃശൂർ തൊട്ടു പിന്നിലുണ്ട്. 902 പോയിന്റുമായി പാലക്കാട് മൂന്നാംസ്ഥാനത്തുണ്ട്.

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. പരിപാടിയുടെ 130 -ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 23 വരെ അറിയിക്കാം.

&&&&&&&&&&&&&&&&&&

## HAJJ PILGRIMAGE

ഹജ്ജ് രജിസ്ട്രേഷനുള്ള സമയപരിധി ഈ മാസം 25 വരെ ദീർഘിപ്പിച്ച് കേന്ദ്ര സർക്കാർ. ഈ തീയതിക്ക് ശേഷം അധിക സമയം അനുവദിക്കില്ലെന്നും ന്യൂനപക്ഷകാര്യ മന്ത്രാലയം വ്യക്തമാക്കി.ഹജ്ജ് ബുക്കിംഗും മറ്റ് നടപടികളും വേഗത്തിൽ പൂർത്തീകരിച്ച് രജിസ്ട്രേഷൻ വിശദാംശങ്ങൾ നുസുക് പോർട്ടലിൽ നൽകണമെന്നും മന്ത്രാലയം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

## SABARIMALA

ശബരിമല മകരവിളക്ക് തീർഥാടനത്തിൻ്റെ സമാപന ചടങ്ങുകൾക്ക് ഇന്നു തുടക്കമാകും. തിരുവാഭരണ വിഭൂഷിതനായ ഭഗവാൻ്റെ ദർശനം ഇന്നു രാത്രി അത്താഴ പൂജയോടെ അവസാനിക്കും. മണിമണ്ഡപത്തിൽ മകരസംക്രമ ദിനം മുതൽ അഞ്ച് ദിവസത്തേയ്ക്ക് നടക്കുന്ന കളമെഴുത്തിനും നാളെ സമാപനമാകും..

&&&&&&&&&&&&&&&&&&

## under 19

അണ്ടർ -19 പുരുഷ ഏകദിന ക്രിക്കറ്റ് ലോകകകപ്പിൽ ഇന്ത്യക്കെതിരെ ബംഗ്ലാദേശിന് 239 റൺസ് വിജയലക്ഷ്യം . മഴ മൂലം 49 ഓവറായി ചുരുക്കിയ മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 48.4 ഓവറിൽ 238 റൺസിനു എല്ലാവരും പുറത്താവുകയായിരുന്നു .ഇന്ത്യക്കായി വൈഭവ് സൂര്യ വൻഷി, അഭിഗ്യൻ കുണ്ടു എന്നിവർ അർദ്ധ സെഞ്ച്വറി നേടി.മറുപടി ബാറ്റിങ്ങിൽ ഒടുവിൽ വിവരം ലഭിക്കുമ്പോൾ ബംഗ്ലാദേശ് 17ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 86 റൺസ് നേടിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## THAPASYA – PALAKKAD

കേരളത്തിൻ്റെ സംഗീത പാരമ്പര്യം ഭക്തിയുടെ പാരമ്പര്യവുമായി ഒന്നിച്ചു പോകുന്നതാണെന്ന് കേന്ദ്ര സാംസ്കാരിക ടൂറിസം വകുപ്പ് മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് .തപസ്യ സുവർണ്ണ ജൂബിലി രാജ്യാന്തര സംഗീതോത്സവം പാലക്കാട് ഉദ്ഘാടനം ചെയ്ത്

സംസാരിക്കുകയായിരുന്നു അദ്ദേഹം. കലയും ഭക്തിയും ജീവിതത്തിൻറെ സാരം എന്ന് പഠിപ്പിക്കുന്ന നാടാണ് കേരളമെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## PARLIAMENT - BUDGET

പാർലമെൻറിൻറെ ബജറ്റ് സമ്മേളനം ഈ മാസം 28-ന് ആരംഭിക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെൻറിൽ സമർപ്പിക്കും.

&&&&&&&&&&&&&&&&&&

## SIR

ലക്ഷദ്വീപ്, പുതുച്ചേരി, ഗോവ,രാജസ്ഥാൻ, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ SIR ൻ്റെ സമയപരിധി നീട്ടി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർമാർക്ക് അവകാശവാദങ്ങളും എതിർപ്പുകളും ഈ മാസം 19 വരെ സമർപ്പിക്കാം.

&&&&&&&&&&&&&&&&&&

## J AND K - ANTI TERROR OPERATION

ജമ്മു കശ്മീരിലെ കത്വ ജില്ലയിലെ മൂന്ന് തീവ്രവാദ ഒളിത്താവളങ്ങൾ സുരക്ഷാ സേന തകർത്തു.ദേശവിരുദ്ധ വസ്തുക്കൾ കടത്തുന്നതുമായി ബന്ധപെട്ടു രഹസ്യാന്വേഷണവിഭാഗത്തിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സംയുക്ത സുരക്ഷാ സേനകൾ വ്യാപക തെരച്ചിൽ നടത്തിയത്.

&&&&&&&&&&&&&&&&&&

## REV. MH CIVIC POLLS

ബൃഹൻമുംബൈ മുനിസിപ്പൽ കോർപ്പറേഷൻ തിരഞ്ഞെടുപ്പിൽ 227 സീറ്റുകളിൽ 118 എണ്ണം നേടി ബി ജെ പി -ശിവസേന സഖ്യം വ്യക്തമായ ഭൂരിപക്ഷം നേടി. 29 മുനിസിപ്പൽ കോർപ്പറേഷനുകളിലായി 2,869 സീറ്റുകളിൽ 1,425 സീറ്റുകൾ ബിജെപി നേടി. ശിവസേന 399 സീറ്റുകളും, കോൺഗ്രസ് 324,

എൻസിപി 167 സീറ്റുകളും നേടി. എൻഡിഎയെ പിന്തുണച്ചതിന് മഹാരാഷ്ട്രയിലെ ജനങ്ങളോട് പ്രധാനമന്ത്രി നരേന്ദ്ര മോദി നന്ദി അറിയിച്ചു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&